029784

കേരള സർക്കാർ

സംഗ്രഹം

സഹകരണ വകുപ്പ് - ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങൾക്ക് ഏറ്റെടുക്കാവുന്ന കരാർ പ്രവൃത്തികളുടെ അടങ്കൽ തുകയുടെ പരിധി ഉയർത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## സഹകരണ (പാർലമെന്റ്) വകുപ്പ്

സ.ഉ.(കൈ) നം. 31/16/സഹ. തീയതി, തിരുവനന്തപുരം, 29.06.2016

---

പരാമർശം :- 1) 26.06.2014 ലെ സ.ഉ നം.(കൈ) 84/14/സഹ
2) സഹകരണ സംഘം രജിസ്ട്രാറുടെ 21.01.2016 ലെ എം.റ്റി. (1) 80/2016 നമ്പർ കത്ത്

OFFICE OF THE REGISTRAR OF CO-OPERATIVE SOCIETIES * THIRUVANANTHAPURAM * 05 JUL 2016

## ഉത്തരവ്

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കുന്ന നിർമ്മാണ പദ്ധതികളുടെ അടങ്കൽ തുകയിൽ വർദ്ധനവ് ഉണ്ടായതിന്റേയും നിർമ്മാണ രംഗത്ത് വർദ്ധിച്ചുവരുന്ന ചെലവ് കണക്കിലെടുത്തുകൊണ്ടും ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങൾക്ക് ഏറ്റെടുക്കാവുന്ന പ്രവൃത്തികളുടെ പരിധി വർദ്ധിപ്പിക്കാൻ പരാമർശം (2) ലെ കത്ത് പ്രകാരം സഹകരണ സംഘം രജിസ്ട്രാർ ശിപാർശ ചെയ്യുകയുണ്ടായി.

2) പരാമർശം (1) ലെ ഉത്തരവ് പ്രകാരം നിലവിൽ ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങൾക്ക് ഏറ്റെടുത്ത് നടത്താൻ കഴിയുന്ന കരാർ ജോലികളുടെ പരിധി ഇപ്രകാരമാണ്;

| ക്ലാസ് | ഏറ്റെടുക്കാവുന്ന ഒരു വർക്കിന്റെ പരിധി | ഏറ്റെടുക്കാവുന്ന ആകെ വർക്കുകളുടെ പരിധി | ആഡിറ്റ് ക്ലാസിഫിക്കേഷൻ |
|---|---|---|---|
| A | 40 ലക്ഷം | 200 ലക്ഷം | A or B |
| B | 20 ലക്ഷം | 100 ലക്ഷം | A or B |
| C | 8 ലക്ഷം | 40 ലക്ഷം | B or C |

3) സഹകരണ സംഘം രജിസ്ട്രാറുടെ ശിപാർശ സർക്കാർ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പരാമർശം (1) ലെ സർക്കാർ ഉത്തരവിൽ വ്യവസ്ഥ ചെയ്തിരിക്കുന്ന, ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങൾക്ക് ഏറ്റെടുക്കാവുന്ന കരാർ പ്രവൃത്തികളുടെ അടങ്കൽ തുക താഴെപ്പറയും വിധം വർദ്ധിപ്പിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്ലാസ് | ഏറ്റെടുക്കാവുന്ന ഒരു വർക്കിന്റെ പരിധി | ഏറ്റെടുക്കാവുന്ന ആകെ വർക്കുകളുടെ പരിധി | ആഡിറ്റ് ക്ലാസിഫിക്കേഷൻ |
|---|---|---|---|
| A | 80 ലക്ഷം | 400 ലക്ഷം | A or B |
| B | 40 ലക്ഷം | 200 ലക്ഷം | A or B |
| C | 16 ലക്ഷം | 80 ലക്ഷം | B or C |

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

**പി. വേണുഗോപാൽ**
സ്പെഷ്യൽ സെക്രട്ടറി

1. സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം
2. ഐ & പി.ആർ.ഡി (വെബ് & ന്യൂ മീഡിയ)
3. കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ